പത്രക്കുറിപ്പ്
04-06-2018

# പരിസ്ഥിതി സംരക്ഷിക്കാൻ, പ്ലാസ്റ്റിക് രഹിത കേരളത്തിന് വൈവിധ്യമാർന്ന പദ്ധതികളുമായി കുടുംബശ്രീ മുന്നോട്ട്

തിരുവനന്തപുരം: മറ്റൊരു ലോക പരിസ്ഥിതി ദിനം കൂടി ഇന്ന് (ജൂൺ അഞ്ച്) ആചരിക്കുമ്പോൾ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനും പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ശ്രദ്ധ നേടുന്നു. പ്ലാസ്റ്റിക് മലിനീകരണം പരാജയപ്പെടുത്താം എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതി ദിന ആചരണത്തിന്റെ മുദ്രാവാക്യം. ഇത്തവണ ലോക പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് ആതിഥ്യമരുളുന്നത് ഇന്ത്യയുമാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ സഹായത്തോടെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രധാന്യം വർദ്ധിക്കുന്നതും. കേരള സമൂഹത്തിൽ പ്ലാസ്റ്റിക്ക് മലിനീകരണം തടയുന്നതിനും ഉപയോഗം കുറയ്ക്കുന്നതിനുമാണ് കുടുംബശ്രീ ശ്രമിക്കുന്നത്. ഇതിനായി മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ പ്രധാനമായും നടത്തുന്നത്. പ്ലാസ്റ്റിക്കിന് ബദലായുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം, പുനരുപയോഗ സാധ്യമായ പാത്രങ്ങൾ, ഗ്ലാസ്സുകൾ തുടങ്ങിയവ വാടകയ്ക്ക് നൽകൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിങ്ങിന് നൽകൽ എന്നിവയാണ് ആ പ്രവർത്തനങ്ങൾ. പ്ലാസ്റ്റിക് നിർമ്മാർജ്ജനം ത്വരിതപ്പെടുത്തുന്നതിനായുള്ള ഈ പ്രവർത്തനങ്ങളിലാണ് പ്രധാനമായും കുടുംബശ്രീ ശ്രദ്ധയൂന്നിയിരിക്കുന്നത്.

പ്ലാസ്റ്റിക്- പേനകൾ, ഫയലുകൾ, കവറുകൾ- തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിനായി പേപ്പർ ഫയലുകൾ, പേനകൾ ബാഗുകൾ, പാത്രങ്ങൾ, തുണി സഞ്ചി, തുടങ്ങിയവ നിർമ്മിക്കുന്ന 77 സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നത്. ഓരോ മാസവും ഇത്തരത്തിലുള്ള 50000ത്തോളം ഉത്പന്നങ്ങൾ വിൽക്കുന്നു. സീസണിൽ ഇത് രണ്ട് ലക്ഷത്തോളമാകും. തത്ഫലമായി അത്രയും പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കുടുംബശ്രീയ്ക്ക് കഴിയുന്നു. മാത്രവുമല്ല തുണി സഞ്ചി പോലുള്ള ഉത്പന്നങ്ങൾ ഒന്നിൽക്കൂടുതൽ തവണ ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ തന്നെ പ്ലാസ്റ്റിക് കവറുകളുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കാൻ കഴിയുന്നു. പേപ്പർ, കയർ, തുണി, തഴപ്പായ എന്നിവ കൊണ്ട് പൂവ്, ചെരുപ്പ്, ചവിട്ടി, ആഭരണങ്ങൾ തുടങ്ങിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും കുടുംബശ്രീയുടേതായുണ്ട്.

ഇത് കൂടാതെ ആഘോഷ ചടങ്ങുകൾക്കും മറ്റും പുനരുപയോഗിക്കാനാകുന്ന സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും ചില്ല് ഗ്ലാസ്സുകളും മറ്റും വാടകയ്ക്ക് നൽകുന്ന സംരംഭങ്ങളും, സംഘടനാ തലത്തിൽ എഡിഎസ്, അയൽക്കൂട്ടങ്ങൾ എന്നിവയും കുടുംബശ്രീയ്ക്കുണ്ട്. ഇപ്പോൾ നടക്കുന്ന സമ്മേളനങ്ങൾ, വിവാഹങ്ങൾ, മേളകൾ തുടങ്ങിയവയെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. ഇതിനായി ഇത്തരത്തിലുള്ള കുടുംബശ്രീ സെന്ററുകൾ ഏറെ സഹായകമാകുന്നു.

ഉപയോഗരഹിതമായ പ്ലാസ്റ്റിക് മാലിന്യം സമാഹരിച്ച് പുനരുപയോഗത്തിന് കൈമാറുന്ന പ്രവർത്തനങ്ങളും ഹരിത കേരള മിഷന്റെ ഭാഗമായി നടക്കുന്നു. ഇതിലും കുടുംബശ്രീയ്ക്ക് മികച്ച പങ്കാളിത്തമുണ്ട്. കേരളത്തിൽ ഇതുവരെ 869 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിച്ചു, ആകെ 28172 അംഗങ്ങളുണ്ട്. ഇതിൽ 412 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 16349 അംഗങ്ങൾക്ക് സമാഹരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകി, അവർ പ്രവർത്തന സജ്ജരായിക്കഴിഞ്ഞു. 182 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇങ്ങനെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനഃചംക്രമണം ചെയ്തും ഉപയോഗിക്കുന്നു. ഇതേ രീതിയിൽ പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീൻ വഴി 285461 കിലോഗ്രാം പ്ലാസ്റ്റിക് പൊടിച്ചെടുത്ത് റോഡ് ടാറിങ്ങിനായി ക്ലീൻ കേരള കമ്പനി കൈമാറുകയും ചെയ്തു.

കേരളത്തിലെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരേ കുടുംബശ്രീ നടത്തുന്ന ഈ പ്രവർത്തനങ്ങൾ കേരള സമൂഹത്തിൽ ഏറെ ക്രിയാത്മകമായ സംഭാവനയാണ് നൽകുന്നത്. ശബരിമല, മലയാറ്റൂർ, മലയാലപ്പുഴ, ആലുവ ശിവരാത്രി മണപ്പുറം, ആറ്റുകാൽ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം മൂലമുള്ള മലിനീകരണം തടയുന്നതിനായി കുടുംബശ്രീ പ്രവർത്തകർ സജീവ പങ്കാളിത്തം വഹിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ